പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 213

# 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

461/2013.

# 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

2013-2014 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2013-2014 സാമ്പത്തിക വർഷത്തേക്കുള്ള കേരള സർക്കാരിന്റെ ചില ധനകാര്യ നിർദ്ദേശങ്ങൾക്ക് പ്രാബല്യം നൽകുന്നതിനുവേണ്ടി 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേര്.—ഈ ആക്റ്റിന് 2013-ലെ കേരള ധനകാര്യ (2-ാം നമ്പർ) ആക്റ്റ് എന്ന് പേര് പറയാം.

2. 2005-ലെ 20-ാം ആക്റ്റിന്റെ ഭേദഗതി.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിലെ (2005-ലെ 20), 6-ാം വകുപ്പ്, (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ ''അൻപത് ലക്ഷം രൂപ'' എന്ന വാക്കുകൾക്കു പകരം "അറുപത് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ "ഇരുപത്തിയഞ്ച് ലക്ഷം രൂപ" എന്ന വാക്കുകൾക്കു പകരം "മുപ്പത് ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

## 1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരമുള്ള പ്രഖ്യാപനം

1985-ലെ കേരള താൽക്കാലിക റവന്യൂ പിരിച്ചെടുക്കൽ ആക്റ്റ് (1985-ലെ 10) പ്രകാരം ഈ ബില്ലിലെ എല്ലാ വ്യവസ്ഥകൾക്കും 2013 ഏപ്രിൽ 1-ാം തീയതി മുതൽ പ്രാബല്യമുണ്ടായിരിക്കേണ്ടത് പൊതുതാൽപ്പര്യാർത്ഥം യുക്തമാണെന്ന് ഇതിനാൽ പ്രഖ്യാപിച്ചുകൊള്ളുന്നു.

461/2013.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

ബഡ്ജറ്റ് പ്രസംഗത്തിലെ 433-ാം ഖണ്ഡികയിൽ പ്രഖ്യാപിച്ചിട്ടുള്ള പ്രകാരം 2013-14 സാമ്പത്തിക വർഷത്തിലേക്കുള്ള കേരള സർക്കാരിന്റെ ധനകാര്യ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനായി 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽനിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി.

**2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിൽ (2005-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ**

** ** ** **

6. നികുതി ചുമത്തൽ.—(1) താഴെപ്പറയുന്ന നിരക്കുകളിൽ പേപ്പർ ലോട്ടറികൾക്ക് നികുതി ചുമത്തേണ്ടതും ഈടാക്കേണ്ടതുമാണ്, അതായത് :—

(എ) ഓരോ ബമ്പർ നറുക്കെടുപ്പിനും "അൻപതു ലക്ഷം രൂപ"

(ബി) മറ്റേതൊരു നറുക്കെടുപ്പിനും "ഇരുപത്തിയഞ്ചു ലക്ഷം രൂപ"

** ** ** **